6740
10.10.13

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015"** പദ്ധതിക്കാവശ്യമായ വിവിധതരം സർക്കാർ ഭൂമികൾ പൊതുവായ ആവശ്യത്തിനുള്ളതായി മാറ്റി വച്ചുകൊണ്ടും പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന പട്ടയ ഭൂമികളുടെ തറവില, മരവില, ഡീമാർക്കേഷൻ ചാർജ്ജുകൾ എന്നിവ ഈടാക്കുന്നത് ഒഴിവാക്കിക്കൊണ്ടും — ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================

റവന്യൂ(എ) വകുപ്പ്

സ.ഉ. (കൈ.) നം. 374/ 2013 / റവന്യൂ                    തീയതി, തിരുവനന്തപുരം, 06.09.2013

===================================================

പരാമർശം : ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസറുടെ 25.06.2013 ലെ എൽ ആർ (ജെ)10-15420/2013 നമ്പർ കത്ത്

__ഉത്തരവ്__

2015-ാം ആണ്ടോടുകൂടി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015"**. പദ്ധതിക്കു വേണ്ടി കണ്ടെത്തിയ വിവിധ തരം സർക്കാർ ഭൂമികൾ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന പൊതുവായ ലക്ഷ്യത്തോടെ പതിച്ചു നൽകുന്നതായതിനാൽ, പദ്ധതിക്കാവശ്യമായ ഭൂമി ഒട്ടാകെ പൊതു ആവശ്യത്തിനായി മാറ്റിവയ്ക്കേണ്ടതാണെന്ന് മേൽ പരാമർശം പ്രകാരം ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പട്ടയ ഭൂമികളുടെ മരവില, തറ വില, ഡീമാർക്കേഷൻ ചാർജ്ജുകൾ എന്നിവ ഒഴിവാക്കാമെന്നും ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ നിർദ്ദേശിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1964ലെ കേരള ഭൂമി പതിവ് ചട്ടം 24 പ്രകാരവും, 1995- ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 21(ii) പ്രകാരവും സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചുകൊണ്ട് **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015"** എന്ന പദ്ധതിക്കാവശ്യമായ വിവിധതരം സർക്കാർ ഭൂമികൾ പൊതു ആവശ്യത്തിനുള്ളതായി മാറ്റി വച്ചുകൊണ്ട്, ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) കൂടാതെ, 1964ലെ കേരള ഭൂമി പതിവ് ചട്ടം 24 പ്രകാരവും, 1995- ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 21(ii) പ്രകാരവും സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചുകൊണ്ട് **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015"** എന്ന പദ്ധതി പ്രകാരം മാത്രം വിതണം ചെയ്യുന്ന പട്ടയ ഭൂമികളുടെ തറവില, മരവില, ഡീമാർക്കേഷൻ ചാർജ്ജുകൾ എന്നിവ ഈടാക്കുന്നത് ഒഴിവാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015, ഡയറക്ടർ സർവ്വേ ആൻറ് ലാൻഡ് റെക്കോർഡ്സ് ജില്ലാ കളക്ടർമാർ എന്നിവർ ഇക്കാര്യത്തിൽ സത്വരമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.ജെ. മാത്യൂ
സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
3. ജോയിന്റ്കമ്മീഷണർ (ലാന്റ് റവന്യൂ) & സ്പെഷ്യൽ ഓഫീസർ (സീറോ ലാന്റ് ലെസ് പ്രോജക്ട്), തിരുവനന്തപുരം.
4. അസിസ്റ്റന്റ് കമ്മീഷ്ണർ (ലാന്റ് അസൈൻമെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ കളക്ടർമാർക്കും.
6. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ